മൾട്ടി ഡിസിപ്ലിനറി ഇന്റൻസീവ് കെയർ യൂണിറ്റ്

56(2524) ശ്രീ. കെ. സുരേഷ് കറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ മൾട്ടി ഡിസിപ്ലിനറി ഇന്റൻസീവ് കെയർ യൂണിറ്റ് പ്രവർത്തനം പൂർണ്ണമായി ആരംഭിക്കുന്നതിലേക്കായി പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റാഫിനെ അടിയന്തരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുമായി കൂടി ആലോചിച്ച് ഈ വിഷയത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ചടയമംഗലം മണ്ഡലത്തിലെ ആശുപത്രികളിലെ വികസന പ്രവർത്തനം

57(2525) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം മുതൽ 2015 നവംബർ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011 മേയ് മാസം മുതൽ 2015 നവംബർ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ പി.എച്ച്.സി., സി.എച്ച്.സി.-കളിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ഇവയാണ്:

1. ചടയമംഗലം പി.എച്ച്.സി.-യിൽ എം.പി. ഫണ്ട് ഉപയോഗിച്ച് ലാബിനുവേണ്ടി കെട്ടിടം പണിതു.
2. പി.എച്ച്.സി. മടത്തറയിൽ എം.പി. ഫണ്ട് ഉപയോഗിച്ച് കോമ്പൗണ്ട് മതിൽ, ഇന്റീരിയർ വർക്ക് എന്നിവയും പ്ലാൻ ഫണ്ട് ഉപയോഗിച്ച് വെയിറ്റിംഗ് ഏരിയ കെട്ടി ഫാർമസി, ലാബ് എന്നിവയുടെ ഇന്റീരിയർ ജോലിയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly